# അദ്ധ്യാപക രക്ഷകർത്തൃ സംഗമം 2018-19

## കോളേജ് ഓഫ് എഞ്ചിനീയറിംഗ് തിരുവനന്തപുരം

## തിരുവനന്തപുരം

പൊതുസമ്മേളനം
മാർച്ച് 09, 2019, ശനിയാഴ്ച

### <u>വാർഷിക റിപ്പോർട്ട്</u>

ബഹുമാനപ്പെട്ട പ്രിൻസിപ്പാൾ ഡോ. ജിജി സി. വി., യു. ജി. വിഭാഗം ഡീൻ - പ്രൊഫ. ഷാജി ടി. എൽ. , പി. ജി വിഭാഗം ഡീൻ -പ്രൊഫ. നീന തോമസ്, പി.റ്റി.എ വൈസ് പ്രസിഡൻറ് - ശ്രീ അബ്ദുൾ ജലീൽ, ജോയിൻറ് സെക്രട്ടറി - ശ്രീ. രാധാകൃഷ്ണൻ വല്ലഭശ്ശേരി, ട്രഷറർ - ഡോ. മിനി വി.പി., പി.റ്റി.എ യുടെ കാര്യനിർവഹണ സമിതി അംഗങ്ങളേ, വിശിഷ്ടാതിഥികളേ, വകുപ്പ് മേധാവികളേ, ഈ കോളേജിലെ അദ്ധ്യാപക അനദ്ധ്യാപക സുഹൃത്തുക്കളേ, ബഹുമാനപ്പെട്ട രക്ഷകർത്താക്കളേ, പ്രിയപ്പെട്ട വിദ്യാർത്ഥികളേ,

സി ഇ ടി പി.റ്റി.എ-യുടെ 2018-19 വർഷത്തിലെ വാർഷിക റിപ്പോർട്ട് നിങ്ങളുടെ മുൻപാകെ അവതരിപ്പിക്കുവാൻ എനിക്ക് അത്യധികം സന്തോഷവും അഭിമാനവും ഉണ്ട്.

2017-18 ലെ വാർഷിക പൊതുസമ്മേളനം CET ഡയമണ്ട് ജൂബിലി ഹാളിൽ വച്ച് 2018 മാർച്ച് 10 -ാം തീയതി നടന്നു. കോളേജിന്റെ വികസനം, അച്ചടക്കം തുടങ്ങിയ കാര്യങ്ങൾ ചർച്ച ചെയ്യുവാൻ 2018-19 അദ്ധ്യയന വർഷത്തിൽ ഏപ്രിൽ 27, ആഗസ്റ്റ് 13, സെപ്റ്റംബർ 12, നവംബർ 14, ഡിസംബർ 6, ഫെബ്രുവരി 13, ഫെബ്രുവരി 21, ഫെബ്രുവരി 28, മാർച്ച് 5 എന്നീ ദിവസങ്ങളിൽ നിർവ്വാഹകസമിതി യോഗം കൂടുകയുണ്ടായി. കൂടാതെ ആകസ്മികമായി ഉണ്ടാകാവുന്ന കാര്യങ്ങൾ ചർച്ച ചെയ്യാനും യഥാസമയം തീരുമാനം എടുക്കുവാനുമായി നിർവ്വാഹകസമിതിക്കായി ഒരു പ്രത്യേക വാട്സ്ആപ് ഗ്രൂപ്പും, ഇ-മെയിൽ ഗ്രൂപ്പും ഉണ്ട്. താഴെ പറയുന്ന വ്യക്തികളെ ഉൾപ്പെടുത്തിക്കൊണ്ട് 2018- 19 വർഷത്തിലെ പി.റ്റി.എ നിർവ്വാഹകസമിതിക്ക് രൂപം നൽകി.

| | | |
|---|---|---|
| **പ്രസിഡൻറ്** | : | ഡോ. ജിജി സി.വി., പ്രിൻസിപ്പൽ |
| **വൈസ് പ്രസിഡൻറ്** | : | ശ്രീ. അബ്ദുൾ ജലീൽ |
| **സെക്രട്ടറി** | : | ഡോ. വി.എസ്. ഉണ്ണിക്കൃഷ്ണൻ |
| **ജോയിൻറ് സെക്രട്ടറി** | : | ശ്രീ. രാധാകൃഷ്ണൻ വല്ലഭശ്ശേരി |
| **ട്രഷറർ** | : | ഡോ. മിനി വി.പി. |

**<u>രക്ഷാകർത്തൃ പ്രതിനിധികൾ</u>** :

അഡ്വ. രാജൻ തോമസ്, ശ്രീ . സൂര്യനാരായണ കുഞ്ചുരായർ, ശ്രീ.റ്റി.രാമകൃഷ്ണൻ, ശ്രീ. അബ്ദുൾ ജലീൽ, ശ്രീ . ശ്രീധരൻ നായർ, ശ്രീ . പി. വി. തോമസ്, ശ്രീ .എൻ ഗിരീഷ് കുമാർ, Dr. കെ. സന്തോഷ് കുമാർ, ശ്രീ .പ്രേംകുമാർ സി, Dr. അജി എസ്സ്, ശ്രീമതി ബീന എസ്. എസ്, ശ്രീ . ലൂയിസ്, ശ്രീ .ബേബി തോമസ്, ശ്രീമതി നിർമല എം., ശ്രീ. കെ. ടി. ബാലഭാസ്കരൻ, ശ്രീമതി മഞ്ജു രാജീവ്, ശ്രീ . രാധാകൃഷ്ണൻ വല്ലഭശ്ശേരി, ശ്രീ . വി. ആർ. ഹരീന്ദ്ര കുമാർ .

**അദ്ധ്യാപക പ്രതിനിധികൾ** :

പ്രൊഫ. ഷാജി ടി. എൽ. , പ്രൊഫ. നീന തോമസ് , ഡോ. എം.എസ്. ഗിരീഷ് , ഡോ. എ. സാംസൺ, ഡോ. എസ്. ഉഷാകുമാരി , ഡോ. സിസ തോമസ് , ഡോ. ശ്രീലക്ഷ്മി ആർ. , ഡോ. ഷീജ കെ.പി. , പ്രൊഫ. ജോസ് റ്റി. ജോസഫ് , ഡോ. സുരേഷ് സുബ്രഹ്മണ്യം , ഡോ. ആർവീ സുജിൽ ജോൺസൺ , ഡോ. ഡി. ബിജുലാൽ , പ്രൊഫ. സജീവ് മോഹൻ എം. , പ്രൊഫ. പി. എസ്. രാജേന്ദ്രൻ , ഡോ. മുഹമ്മദ് ആരിഫ് എം. , ഡോ. അജയകുമാർ ജി.ഐ.

**ഡിപ്പാർട്ട്മെന്റൽ പ്രതിനിധികൾ** :

പ്രൊഫ. സുനിത എസ്. , ഡോ. കെ. സി.ഗോപാലകൃഷ്ണൻ , പ്രൊഫ. അനു എ.ജി., പ്രൊഫ. ആശ മുരളി , പ്രൊഫ. റാണി കോശി, ഡോ. മഞ്ജു ജി.നായർ, ഡോ. ജിഷ ഗോപി, പ്രൊഫ.ബേബി ശൈല എൽ.

പി.റ്റി.എ- യുടെ പ്രവർത്തനങ്ങൾ നിശ്ചയിക്കുന്നതും അവ പ്രാവർത്തികമാക്കുന്നതും 37 അംഗങ്ങൾ അടങ്ങിയ നിർവ്വാഹക സമിതിയും ഇവരെ സഹായിക്കുന്നതിനായി രൂപീകരിച്ച 8 ഡിപ്പാർട്ട്മെന്റൽ പ്രതിനിധികൾ അടങ്ങിയ സമിതിയും സംയുക്തമായാണ്. കോളേജ് പരിസരത്തിൽ അച്ചടക്കം നിലനിർത്താനും കോളേജിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാനും പി.റ്റി .എ യുടെ ക്രിയാത്മകമായി ഇടപെട്ടിരുന്നു.

## 2018- 19 ൽ നടപ്പിലാക്കിയ പ്രധാന പദ്ധതികൾ

- പുതിയ ബസ് വാങ്ങാൻ ധനസഹായം നൽകി (10.75 ലക്ഷം രൂപ )
- ലേഡീസ് അമെനിറ്റീസ് സെന്ററിന്റെ നവീകരണവുമായി ബന്ധപ്പെട്ട് സിവിൽ വർക്ക് പൂർത്തീകരിച്ചു (7.88 ലക്ഷം രൂപ), ഇലക്ട്രിക്കൽ വർക്ക് നടന്നുകൊണ്ടിരിക്കുന്നു (1.88 ലക്ഷം രൂപ).
- **ധ്വനി** ഫെസ്റ്റിന്റെ നടത്തിപ്പിനായി 2 ലക്ഷം രൂപയുടെ ധനസഹായം നൽകി .
- വിദ്യാർത്ഥികൾക്ക് ദേശീയ അന്തർദ്ദേശീയ കോൺഫറൻസുകളിൽ പങ്കെടുക്കുന്നതിനും പ്രബന്ധങ്ങൾ അവതരിപ്പിക്കുന്നതിനും 5,00,000/- രൂപ വകയിരുത്തുകയും കോളേജിലെ ഒരു വിദ്യാർത്ഥിക്ക് അന്തർദേശീയ തലത്തിൽ കോൺഫറൻസിൽ പങ്കെടുക്കുന്നതിന് 30,000/- രൂപ ധനസഹായം നൽകുകയും ചെയ്തു.
- കോളേജിലെ 4740 വിദ്യാർത്ഥികൾക്ക് ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനിയുടെ ഗ്രൂപ്പ് പേർസണൽ ആക്സിഡന്റ് ഇൻഷുറൻസ് സ്കീം പി റ്റി എ മുൻകൈ എടുത്തു നടപ്പിലാക്കി.

**പി.റ്റി.എ ധനസഹായം നൽകിയ അക്കാദമിക പ്രവർത്തനങ്ങൾ**

- വിദ്യാർത്ഥികൾക്കും ജീവനക്കാർക്കുമുള്ള തിരിച്ചറിയൽ കാർഡ് അച്ചടിക്കുന്നതിനുള്ള ധനസഹായം.
- HULT മത്സരത്തിൽ പങ്കെടുക്കുവാനായി ദുബായിയിൽ പോയി വരാൻ വിദ്യാർത്ഥികൾക്ക് ധനസഹായം.
- സർവ്വേ ക്യാമ്പ് നടത്തിപ്പിനായി സിവിൽ ഡിപ്പാർട്ട്മെന്റിന് ധനസഹായം.
- വിദ്യാർഥികൾക്ക് വിവിധ വർക്ക്ഷോപ്പുകൾ സംഘടിപ്പിക്കാൻ ധനസഹായം.

- വിവിധ ഡിപ്പാർട്ട്മെന്റുകളിലെ ആദ്യവർഷ ബി.ടെക് / എം ടെക് വിദ്യാർത്ഥികൾക്കായുള്ള ഓറിയന്റേഷൻ പരിപാടിക്കായി ധനസഹായം.
- ഇലക്ട്രിക്കൽ ഡിപ്പാർട്ട്മെന്റിലെ ലൈബ്രറി ഓട്ടോമേഷൻ ചെയ്യുന്നതിന് ധനസഹായം.
- അക്രഡിറ്റേഷൻ നേടുന്നതിനായി വിവിധ ഡിപ്പാർട്ട്മെന്റുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള ധനസഹായം.
- ഫിസിക്കൽ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റിന് ഗ്രൗണ്ട് നവീകരിക്കുന്നതിന് ധനസഹായം.
- All-Terrain Vehicle - ന്റെ രൂപകല്പനയ്ക്കായി Heracles ടീമിന് ധനസഹായം.

**<u>പി.റ്റി.എ ധനസഹായം നൽകിയ അക്കാദമികേതര പ്രവർത്തനങ്ങൾ</u>**

- ബി.എസ്.എൻ.എൽ. ബൾക്ക് എസ്.എം.എസ്സിനു വേണ്ടി വാർഷിക വരിസംഖ്യ.
- കോളേജ് വെബ് സൈറ്റിന്റെ ഹോസ്റ്റിങ് ചാർജ് (ഭാഗികം).
- ക്ലിനിക്കൽ സൈക്കോളജിസ്റ്റിന് ശമ്പളം (ഭാഗികം).
- പി.ടി.എ ഓഫീസിലെ ദിവസവേതന കരാർ ജീവനക്കാരുടെ ശമ്പളം (3 പേർ).
- പ്രിൻസിപ്പൽ ഓഫീസിലെ ദിവസവേതന കരാർ ജീവനക്കാരന്റെ ശമ്പളം (ഒരാൾ).
- CCF ലെ ജൂനിയർ പ്രോഗ്രാമറിന്റെ ശമ്പളം (ദിവസവേതനം - ഒരാൾ).
- ആർകിടെക്ചർ ഡിപ്പാർട്ട്മെന്റിലെ ദിവസവേതന കരാർ ജീവനക്കാരിയുടെ ശമ്പളം (ഒരാൾ).
- Main Gate, Back Gate, CETSOM, MH, LH എന്നിവിടങ്ങളിലെ സെക്യൂരിറ്റി ജീവനക്കാരുടെ ശമ്പളം (9 പേർ).
- പി.റ്റി.എ അക്കൗണ്ട് ഓഡിറ്റിംഗ് ഫീസ് .
- കോളേജിന്റെ പ്രധാന കെട്ടിടത്തിലെ ടോയ്‌ലറ്റുകളുടെ ശുചീകരണത്തിനായി നിയമിച്ചിരിക്കുന്ന ജീവനക്കാരുടെ ശമ്പളം (2 പേർ) .
- B.Tech., M.Tech., Lateral Entry, MCA, MBA, PTDC, PhD എന്നീ കോഴ്സുകളുടെ അഡ്മിഷൻ നടത്താനുള്ള ചെലവ്.
- കോളേജ് യൂണിയൻ തെരഞ്ഞെടുപ്പ് നടത്തിപ്പിനുള്ള ധനസഹായം.
- കോളേജ് ക്യാമ്പസിലെ വിവിധ ഭാഗങ്ങളിൽ കാട് വെട്ടിതെളിച്ചു, ഒടിഞ്ഞു വീഴാറായ മരച്ചില്ലകൾ മുറിച്ചുമാറ്റി.
- കോളേജിലെ എൻ.എസ്.എസ്. ക്യാമ്പിന്റെ പ്രവർത്തനങ്ങൾക്കായി ധനസഹായം.
- മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് വിദ്യാർത്ഥികൾ സമാഹരിച്ച തുകയുടെ കൂടെ പി.റ്റി.എ. യിൽ നിന്നുമുള്ള സംഭാവന.
- ചിക്കൻപോക്സിന് എതിരെ ഒരു വിഭാഗം വിദ്യാർത്ഥികൾക്ക് വാക്സിനേഷൻ നൽകാനുള്ള ധനസഹായം.

സി ഇ ടി പ്രിൻസിപ്പൽ ഡോ. ജിജി സി. വി. , മുൻ. പ്രിൻസിപ്പൽ ഡോ.ജെ. ഡേവിഡ് എന്നിവർക്ക് ഈ അവസരത്തിൽ ഹൃദയം നിറഞ്ഞ കൃതജ്ഞത രേഖപ്പെടുത്തി കൊള്ളുന്നു. ഇവരുടെ ദീർഘവീക്ഷണത്തിന്റെയും നേതൃത്വപാടവത്തിന്റെയും മികവിലാണ് കാര്യക്ഷമമായ പ്രവർത്തനം കാഴ്ചവെക്കാൻ പി.റ്റി.എ. യ്ക്ക് സാധിച്ചത്.

പി.റ്റി.എ. യുടെ എല്ലാ പ്രവർത്തനങ്ങളുടെയും വിജയത്തിൽ വൈസ് പ്രസിഡൻറ്. ശ്രീ. അബ്ദുൽ ജലീൽ, ജോയിൻറ് സെക്രട്ടറി ശ്രീ. രാധാകൃഷ്ണൻ വല്ലഭശ്ശേരി എന്നിവർ പ്രത്യേക പരാമർശം അർഹിക്കുന്നു. സി ഇ ടി-യിലെ വിവിധ പ്രശ്നങ്ങൾ തൃപ്തികരമായി പരിഹരിക്കാൻ ഇവരുടെ സജീവമായ ഇടപെടൽ അദ്ധ്യാപകരെ സഹായിച്ചിട്ടുണ്ട്. ഇവർ രണ്ടുപേരുടെയും പരിപൂർണ പിന്തുണയ്ക്ക് ഞാൻ ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തികൊള്ളുന്നു.

കഠിന പരിശ്രമത്തിലൂടെയും നിസ്വാർത്ഥ പിന്തുണയിലൂടെയും പി.റ്റി.എ -യുടെ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിച്ച പ്രധാനികളിൽ ഒരാളാണ് പി.റ്റി.എ. യുടെ ട്രഷറർ ഡോ. മിനി വി.പി. ശ്രീമതി മിനിക്ക് ഈ സമിതിയിലെ ഓരോരുത്തരുടേയും എന്റെയും പേരിൽ ഞാൻ കൃതജ്ഞത രേഖപ്പെടുത്തുന്നു. പല സന്ദർഭങ്ങളിലും ആവശ്യമായ നിർദ്ദേശങ്ങളും സഹായസഹകരണങ്ങളും നൽകിയ മുൻ പി റ്റി എ സെക്രട്ടറി Dr. പി .കെ ജയശ്രീ, മുൻ ട്രഷറർ Dr .മിനി ആർ.എസ് എന്നിവർക്കും ഞാൻ കൃതജ്ഞത രേഖപ്പെടുത്തുന്നു .

പി.റ്റി.എ-യുടെ മറ്റ് നിർവ്വാഹക സമിതി അംഗങ്ങൾക്കും അവരുടെ സജീവമായ പിന്തുണയ്ക്കും സാന്നിധ്യത്തിനും നിർദേശങ്ങൾക്കും അകമഴിഞ്ഞ നന്ദി രേഖപ്പെടുത്തുന്നു.

സി.ഇ.ടി. യിലെ യു. ജി. വിഭാഗം ഡീൻ - പ്രൊഫ. ഷാജി ടി. എൽ. , പി. ജി വിഭാഗം ഡീൻ -പ്രൊഫ. നീന തോമസ്, എല്ലാ വകുപ്പുകളുടെയും തലവൻമാർ, അധ്യാപകർ, സാങ്കേതിക വിഭാഗം അംഗങ്ങൾ, അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫ് അംഗങ്ങൾ മുതലായവർക്ക് അവരുടെ സഹകരണത്തിനും പിന്തുണയ്ക്കും ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുകയാണ്.

പി.റ്റി.എ -യുടെ ഓഫീസ് സ്റ്റാഫ് അംഗങ്ങളായ ശ്രീമതി. ആശ ജി. തോമസ്, ശ്രീമതി. രാകേന്ദു എന്നിവർക്കും, ക്ലീനിംഗ് സ്റ്റാഫ് അംഗമായ ശ്രീമതി. വൽസലയ്ക്കും അവരുടെ സഹായത്തിനും പിന്തുണയ്ക്കും നന്ദി രേഖപ്പെടുത്തികൊള്ളുന്നു.

അങ്ങേയറ്റം സത്യസന്ധതയോടെയും പരിപൂർണ സമർപ്പണത്തോടെയും വിദ്യാഭ്യാസരംഗത്ത് പ്രവർത്തിച്ച് ദീർഘകാലത്തെ സർവീസിനു ശേഷം വിരമിക്കുന്ന എല്ലാ അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും ഞാൻ ഈ അവസരത്തിൽ ആശംസകൾ അർപ്പിക്കുന്നു.

ഇന്നിവിടെ അവരവരുടെ തിരക്കുകൾ മാറ്റിവെച്ച് സന്നിഹിതരായിരിക്കുന്ന എല്ലാ രക്ഷാകർത്താകൾക്കും ഞാൻ പി.റ്റി.എ - ക്കുവേണ്ടി നന്ദി രേഖപ്പെടുത്തുന്നു.

ഇവിടെ സന്നിഹിതരായിരിക്കുന്ന എല്ലാവർക്കും ഒരിക്കൽക്കൂടി കൃതജ്ഞത അറിയിച്ചുകൊണ്ട്, നിങ്ങളുടെ ചർച്ചയ്ക്കും അംഗീകാരത്തിനും വേണ്ടി ഞാൻ ഈ റിപ്പോർട്ട് പൊതുയോഗത്തിനു മുൻപിൽ സമർപ്പിക്കുന്നു.

## കോളേജ് ഓഫ് എഞ്ചിനീയറിംഗ് ട്രീവാൻഡ്രം

## പാരന്റ് ടീച്ചർ അസോസിയേഷൻ

## തിരുവനന്തപുരം

### വരവ് ചിലവ് കണക്ക് 01-03-2018 മുതൽ 28-02-2019 വരെ

| ചിലവ് | രൂപ | വരവ് | രൂപ |
|---|---|---|---|
| ആർക്കിടെക്ചർ ഡിപ്പാർട്ട്മെന്റ് | 1,16,122.00 | ബാങ്ക് പലിശ | 1,08,454.00 |
| ക്യാമ്പസ് ചെലവുകൾ | 6,12,509.00 | സ്ഥിര നിക്ഷേപ പലിശ | 2,00,592.00 |
| കെമിസ്ട്രി ഡിപ്പാർട്ട്മെന്റ് | 6,952.00 | പിഴ | 66,200.00 |
| സിവിൽ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ് | 1,77,005.00 | ലാബ് ഫെസിലിറ്റി | 20,000.00 |
| കമ്പ്യൂട്ടർ സയൻസ് ഡിപ്പാർട്ട്മെന്റ് | 11,24,763.00 | ഫോട്ടോകോപ്പി | 4,356.00 |
| ഡയമണ്ട് ജൂബിലി ഹാൾ | 3,07,630.00 | പി.ടി.എ. സംഭാവന | 93,20,990.00 |
| ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ് | 3,67,025.00 | മുൻകാലയളവിലെ ഇനം | 43,230.00 |
| ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ ഡിപ്പാർട്ട്മെന്റ് | 2,65,142.00 | വേതനം തിരിച്ചടവ് | 1,19,266.00 |
| പൊതു ചെലവുകൾ | 4,84,349.00 | വാടക (ഡയമണ്ട് ജൂബിലി ഹാൾ) | 1,40,000.00 |
| മാത്സ് ഡിപ്പാർട്ട്മെന്റ് | 16,987.00 | വാടക (ഇൻഡോർ സ്റ്റേഡിയം) | 41,500.00 |
| എം.സി.എ. ഡിപ്പാർട്ട്മെന്റ് | 48,420.00 | വാടക (ഔട്ട് ഡോർ സ്റ്റേഡിയം) | 40,700.00 |
| മെക്കാനിക്കൽ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ് | 5,31,642.00 | | |
| ഓഫീസ് ചെലവുകൾ | 3,10,616.00 | | |
| ഫിസിക്കൽ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ് | 28,797.00 | | |
| ഫിസിക്സ് ഡിപ്പാർട്ട്മെന്റ് | 3,790.00 | | |
| പി.റ്റി.എ. | 31,36,093.00 | | |
| പി.റ്റി.ഡി.സി. | 29,613.00 | | |
| വേതനം | 38,27,795.00 | | |
| വിദ്യാർത്ഥികളുടെ പ്രവർത്തനങ്ങൾ | 7,22,034.00 | | |
| ബാങ്ക് ചാർജുകൾ | 3,905.80 | | |
| മൂല്യശോഷണം | 5,82,292.00 | വരവിനെക്കാൾ ഉള്ള അധിക ചെലവ് | **25,98,193.80** |
| | 1,27,03,481.80 | | 1,27,03,481.80 |

For SEKHAR & JAYANTHI
Firm Reg: No. 005637S
Chartered Accountants

GNANA SEKHAR. S.
Partner
Membership No: 201154

V. S.
Dr Unnikrishnan V S
Secretary PTA

Dr. MINI. V. P
Treasurer PTA

**കോളേജ് ഓഫ് എഞ്ചിനീയറിംഗ് ട്രിവാൻഡ്രം**

**പാരന്റ് ടീച്ചർ അസോസിയേഷൻ**

**തിരുവനന്തപുരം**

**ബാക്കിപത്രം 28-02-2019**

| ബാധ്യത | രൂപ | രൂപ | ആസ്തി | രൂപ | രൂപ |
|---|---|---|---|---|---|
| മൂലധന അക്കൗണ്ട് | | | സ്ഥിര ആസ്തി | | 49,12,517.10 |
| നീക്കിയിരിപ്പ് | 1,34,64,244.00 | | | | |
| മറ്റ് ഫണ്ടുകൾ | 4,68,406.00 | | നിലവിലെ ആസ്തി | | |
| വരവിനെക്കാൾ ഉള്ള അധിക ചെലവ് | (25,98,193.80) | 1,13,34,456.20 | സൺഡ്രി ഡബിറ്റേഴ്സ് | 1,952.00 | |
| | | | കൈയിലുള്ള പണം | - | |
| നിലവിലെ ബാധ്യത | | | ബാങ്ക് ബാലൻസ് | 18,62,427.80 | |
| കൾച്ചറൽ & ടെക്നിക്കൽ പ്രവർത്ത്നം | 1,23,950.00 | | മുൻകൂർതുക | 46,62,974.00 | |
| സുരക്ഷ നിക്ഷേപം/ ഇ.എം.ഡി. | 78,000.00 | | സ്ഥിര നിക്ഷേപം | 1,00,719.00 | 66,28,072.80 |
| സൺട്രി ക്രഡിറ്റേഴ്സ് | 4,183.70 | 2,06,133.70 | | | |
| | | 1,15,40,589.90 | | | 1,15,40,589.90 |

For SEKHAR & JAYANTHI
Firm Reg: No. 005637S
Chartered Accountants

GNANA SEKHAR. S.
Partner
Membership No: 201154

V. S. [signature]
Dr Unnikrishnan V S
Secretary PTA

[signature]
Dr. MINI. V. P
Treasurer PTA